**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1942** **04.10.2011-ൽ മറുപടിക്ക്**

## നഗരവികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.സി. ജോർജ്**<br>**" റോഷി അഗസ്റ്റിൻ** | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) **നഗരവികസനത്തിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുവോ;** | എ) ഉദ്ദേശിക്കുന്നു. |
| ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ജനക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമാണ്; എത്ര തുകയാണ് ഇതിലേക്കായി ചെലവഴിക്കപ്പെടുക; ആയത് എപ്രകാരം സമാഹരിക്കാൻ ഉദ്ദേശിക്കുന്നു; | ബി) ചേരിരഹിത നഗരവികസനം ലക്ഷ്യം വച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം നഗരങ്ങളിലെ ചേരി നിവാസികൾക്കും, ദരിദ്രവിഭാ ഗങ്ങൾക്കും പാർപ്പിടവും, ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിനും മറ്റു സേവന പരിപാടികൾക്കുമായി 2011-12 വർഷത്തിൽ 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ 5 കോർപ്പറേഷനുകളെ ചേരിരഹിത നഗരങ്ങളായി ആസൂത്രണം ചെയ്യുന്നതിനുള്ള കർമ്മപരിപാടികൾക്കായി മാത്രം 5.26 കോടി രൂപ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത ആസൂത്രണ പരിപാടിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന ചേരികളുടെ വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ആകെ അടങ്കൽ തുക ലഭ്യമാകു. RAY മാർഗ്ഗ നിർദ്ദേശങ്ങൾക്കനു സൃതമായി മൊത്തം അടങ്കൽ തുകയുടെ 50% കേന്ദ്ര സർക്കാർ വിഹിതം |

ആയിരിക്കും. 30% സംസ്ഥാന സർക്കാർ വിഹിതമായി തീരുമാനിച്ചിട്ടുണ്ട്. ബാക്കി 20% അതത് നഗര സഭകൾ വഹിക്കണം. എന്നാൽ പാർപ്പിട വികസനത്തിന് പൊതു വിഭാഗത്തിന് 12 ശതമാനവും എസ്.സി/എസ്.ടി/മറ്റു പിന്നാക്ക വിഭാഗത്തിന് 10 ശതമാനവും ഗുണഭോക്തൃവിഹിതമായി നഗരസഭ ശേഖരിക്കേണ്ടതാണ്.

കൂടാതെ, ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളും, തിരുവനന്തപുരം നഗരസഭയുടെ സമീപത്തുള്ള 5 പഞ്ചായത്തുകളിലും ബി.എസ്.യു.പി പദ്ധതി (നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ) നടപ്പിലാക്കുന്നു. പ്രാഥമികമായി വീടു നിർമ്മാണം, ചേരിപ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്കായി 2011-12 വർഷത്തിൽ കേന്ദ്ര വിഹിതമായി 1800 ലക്ഷം രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 കോർപ്പറേഷനുകളിലെ ചേരിനിവാസികൾക്കു വേണ്ടി കെ.എസ്.യു.ഡി.പി വഴി അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നു. ഇതിലേക്കായി 101.25 കോടി രൂപ ആകെ വകയിരുത്തിയിട്ടുണ്ട്. ഏഷ്യൻ വികസനബാങ്കിന്റെ വായ്പയിൽ നിന്നാണ് ഈ തുക കണ്ടെത്തുന്നത്.

സി) പ്രസ്തുത പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം തുടക്കം കുറിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

സി) രാജീവ് ആവാസ് യോജന പദ്ധതിയുടെ ആദ്യഘട്ടമായ ചേരി രഹിത നഗരാസൂത്രണ പരിപാടി 5 കോർപ്പറേഷനുകളിലും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ മുന്നോടിയായി പൈലറ്റ് പദ്ധതി സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

കെ.എസ്.യു.ഡി.പി വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ 2008ന് തുടങ്ങുകയും പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്.

സെക്ഷൻ ഓഫീസർ